## ജനനം

**I. പ്രവൃത്തികൾ 13-ൽ ദാവീദിന്റെ സന്തതിയിൽനിന്ന് "ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു" എന്നും (വാ. 23), "'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയർപ്പിക്കുന്നതിൽ.... പൂർണമായി നിവർത്തിച്ചിരിക്കുന്നു" എന്നും (വാ. 33) പൗലൊസ് പറഞ്ഞു**

[Acts. 13:23] ഇവന്റെ സന്തതിയിൽനിന്ന്, ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു.

[2 Sam. 7:12-14] നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും... ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും...

- ദൈവത്തിന്റെ ആദ്യജാതനെന്ന നിലയിൽ ക്രിസ്തു പിതാക്കന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടുവെന്നും യേശുവിനെ ഉയിർപ്പിച്ചതിലൂടെ ദൈവം ഈ വാഗ്ദത്തം നിറവേറ്റിയെന്നും 32-ഉം 33-ഉം വാക്യങ്ങളിൽ നാം കാണുന്നു.

  [Acts. 13:32-33] ഞങ്ങളോ പിതാക്കന്മാർക്കു ചെയ്ത വാഗ്ദത്തത്തിന്റെ സുവിശേഷം നിങ്ങളോട് അറിയിക്കുന്നു. "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

- പുനരുത്ഥാനം മനുഷ്യനായ യേശുവിന് ഒരു ജനനമായിരുന്നു. സങ്കീർത്തനം 2:7-ൽ കർത്താവിന്റെ പുനരുത്ഥാനത്തെ പൗലൊസിന് കാണുവാൻ കഴിഞ്ഞു: "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു." ഇന്ന് എന്ന പദത്തെ പൗലൊസ് കർത്താവിന്റെ പുനരുത്ഥാന ദിവസത്തോട് പ്രയോഗിച്ചു. മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതിലൂടെ ദൈവപുത്രനാകുവാൻ മനുഷ്യപുത്രനായ യേശു ജനിപ്പിക്കപ്പെട്ടു; അതുകൊണ്ട്, ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചത് അവനെ തന്റെ ആദ്യജാതനായ പുത്രനാകുവാൻ ജനിപ്പിക്കുന്നതായിരുന്നു.

  [Heb. 1:6] ആൾപ്പാർപ്പുള്ള ഭൂമിയിലേക്ക് അവൻ ആദ്യജാതനെ പിന്നെയും കൊണ്ടുവരുമ്പോൾ, "ദൈവത്തിന്റെ സകല ദൂതന്മാരും അവനെ ആരാധിക്കട്ടെ" എന്ന് അവൻ അരുളിച്ചെയ്യുന്നു.

- ജഡാവതാരത്തിലൂടെ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യത്വം ധരിക്കുകയും ദൈവമനുഷ്യനായിത്തീരുകയും ചെയ്തു; അതിനുശേഷം പുനരുത്ഥാനത്തിൽ ഈ ദൈവ-മനുഷ്യൻ അവന്റെ ആദ്യജാതനാകുവാൻ ദൈവത്തിൽനിന്ന് ജനിച്ചു. തന്റെ പുനരുത്ഥാനത്തിലൂടെ ക്രിസ്തു ആദ്യജാതനായ പുത്രനാകുവാൻ ജനിപ്പിക്കപ്പെട്ടു, അതേ സമയം അവന്റെ എല്ലാ വിശ്വാസികളും ദൈവത്തിന്റെ അനേകം പുത്രന്മാരാകുവാൻ ജനിപ്പിക്കപ്പെട്ടു. ഈ അനേകം പുത്രന്മാരിൽ, ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമാണ് ആദ്യജാതൻ. ദൈവത്തിന്റെ ഈ ഏകജാതനായ ൂപുത്രൻ, തന്റെ ഉയിർപ്പിക്കപ്പെട്ട മനുഷ്യത്വത്തിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രനും ആണ്. ആദ്യജാതന് ദൈവത്വവും മനുഷ്യത്വവുമുണ്ട്, ദൈവത്തിന്റെ അനേകം പുത്രന്മാരായ അവന്റെ വിശ്വാസികളായ നമുക്കും മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും ഉണ്ട്.

  [1 Pet. 1:3] നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു. [Heb. 2:10] എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

## നിയുക്തനാക്കപ്പെടുക

**II. തന്റെ പുനരുത്ഥാനത്തിൽ ക്രിസ്തു അവന്റെ മനുഷ്യ പ്രകൃതത്തോടുകൂടെ ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെട്ടുവെന്ന് നാം അറിയേണ്ടതാവശ്യമാണ്**

- തന്റെ ജഡാവതാരത്തിനും പുനരുത്ഥാനത്തിനും മുമ്പ് ക്രിസ്തു ദൈവത്തിന്റെ പുത്രൻ, ഏകജാതനായ പുത്രൻ, ആയിരുന്നു. ജഡാവതാരത്തിനുമുമ്പ് ക്രിസ്തു ദൈവപുത്രനായിരുന്നുവെങ്കിലും, ജഡാവതാരത്തിലൂടെ അവൻ ദിവ്യത്വവുമായി യാതൊരു ബന്ധവുമില്ലാത്ത മനുഷ്യപ്രകൃതം ധരിച്ചിരുന്നതുകൊണ്ട് പുനരുത്ഥാനത്തിൽനിന്ന് ദൈവപുത്രനായി നിയുക്തനാക്കപ്പെടുവാൻ അവന് അപ്പോഴും ആവശ്യമുണ്ടായിരുന്നു. ക്രിസ്തു തന്റെ ദിവ്യത്വത്തിൽ ദൈവത്തിന്റെ പുത്രനായിരുന്നു, എന്നാൽ മറിയയിൽനിന്നു ജനിച്ച മനുഷ്യപ്രകൃതത്തോടുകൂടിയ യേശു എന്ന അവന്റെ ഭാഗം ദൈവപുത്രനായിരുന്നില്ല.

  [John 1:18] ..പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു. [John 1:14] വചനം ജഡമായിത്തീർന്നു,... പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി ... [Rom. 8:3] ..ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്,...

- പുനരുത്ഥാനത്തിൽ നിയുക്തനാക്കപ്പെട്ടതിലൂടെ തന്റെ ജഡാവതാരത്തിനു മുമ്പേ ദൈവപുത്രനായിരുന്ന ക്രിസ്തു ഒരു പുതിയ രീതിയിൽ ദൈവപുത്രനായിത്തീർന്നു. ദൈവത്തിന്റെ നിയുക്ത പുത്രനെന്ന നിലയിൽ, ക്രിസ്തുവിന് ദിവ്യത്വവും മനുഷ്യത്വവും എന്ന രണ്ടു പ്രകൃതങ്ങളുണ്ട്; ഇപ്പോൾ അവനുള്ള മനുഷ്യത്വം ഒരു സ്വാഭാവിക മനുഷ്യത്വമല്ല, പുനരുത്ഥാനത്തിൽ ഉയർത്തപ്പെട്ട ഒരു മനുഷ്യത്വമാണ്.
  [Rom. 1:3-4] ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും, വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ.

  - മനുഷ്യത്വത്തോടുകൂടിയ ദൈവപുത്രനെന്ന നിലയിൽ ക്രിസ്തു നിയുക്തനാക്കപ്പെട്ടത് "വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്" ആയിരുന്നു; വിശുദ്ധിയുടെ ആത്മാവ് കർത്താവായ യേശുവിനുള്ളിലെ ജീവ സാരാംശമാണ്; അവൻ ഭൂമിയിൽ ജഡത്തിൽ ജീവിച്ചപ്പോൾ, അവന്റെ ഉള്ളിൽ ഈ സാരാംശം ഉണ്ടായിരുന്നു. കർത്താവായ യേശു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ, അവനിൽ ഉണ്ടായിരുന്ന വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് പുനരുത്ഥാനത്താൽ ശക്തിയിൽ ദൈവപുത്രനായി അവൻ നിയുക്തനാക്കപ്പെട്ടു. ഇപ്പോൾ അവൻ മുമ്പത്തേക്കാൾ അത്ഭുതകരമായ രീതിയിൽ ദൈവപുത്രനാണ്, എന്തെന്നാൽ ഇപ്പോൾ അവന് ദിവ്യപ്രകൃതവും, ഉയിർപ്പിക്കപ്പെട്ടതും, രൂപാന്തരപ്പെട്ടതും, ഉയർത്തപ്പെട്ടതും, തേജസ്കരിക്കപ്പെട്ടതും, നിയുക്തനാക്കപ്പെട്ടതുമായ മനുഷ്യപ്രകൃതവും ഉണ്ട്. [Matt. 1:20] ..എന്തെന്നാൽ അവളിൽ ജനിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്ന് ആകുന്നു. [Luke 1:35] ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും.

- നാം റോമർ 1:3-4-നെയും 8:29-നെയും തമ്മിൽ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ട്. തന്റെ ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ, ദൈവപുത്രനായ ക്രിസ്തു ആദ്യജാതനായ പുത്രനായിത്തീരുകയും, ക്രിസ്തുവിന്റെ സഹോദരന്മാരായ അനേകം പുത്രന്മാർ അവന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. റോമർ 1:3-4-ൽ, ദൈവപുത്രനായ ക്രിസ്തു, മൂലരൂപം ആണ്, എന്നാൽ 8:29-ൽ അനേകം സഹോദരന്മാർ മൂലരൂപത്തിൽനിന്ന് "വൻതോതിൽ ഉല്പാദിപ്പിക്കപ്പെട്ടവർ" ആണ്, അവർ ജീവനിൽ രക്ഷിക്കപ്പെടുന്നതിലൂടെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടും. ഇത് ദൈവവൽക്കരണത്തിന്റെ കാര്യത്തിലേക്ക് നമ്മെ കൊണ്ടുവരുകയും, ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവമക്കളുമായ നാം, ജീവനിലും സ്വഭാവത്തിലും സംരചനയിലും (എന്നാൽ ദൈവത്വത്തിലല്ല) ദൈവമായിത്തീരേണ്ടതിന്, തന്നെത്തന്നെ മനുഷ്യനാക്കുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥയിലെ അവന്റെ ഉദ്ദേശ്യമെന്ന് വിവക്ഷിക്കുകയും ചെയ്യുന്നു; ഇങ്ങനെയുള്ള ഒരു വിവക്ഷത അത്യന്തം ശ്രേഷ്ഠമാണ്, ഒടുവിൽ, വേദപുസ്തകം ഈ വിഷയത്തോടുകൂടെ പരിണതിപ്രാപിക്കുന്നു.
  [Rom. 8:29] എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു. [Heb. 2:11] എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല.
  [Rev. 21:10-11] അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു..